പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ..2096 — 19.06.2012-ൽ മറുപടിയ്ക്ക്

## സ്കൂൾ-കോളേജ് തലത്തിൽ കായിക വിദ്യാഭ്യാസം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി.കൃഷ്ണൻ | | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) കായിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് സ്കൂൾ, കോളേജ് തലത്തിൽ സ്പോർട്സ് വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ ; | (എ) | സംസ്ഥാനത്ത് ആരോഗ്യ കായിക വിദ്യാഭ്യാസം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പ്രൈമറി തലത്തിലെ അദ്ധ്യാപകർക്കും, ഹൈസ്കൂൾ തലത്തിലെ കായിക അദ്ധ്യാപകർക്കുമുള്ള പരിശീലന പരിപാടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഹൈസ്ക്കൂൾ തലം കഴിയുമ്പോൾ തന്നെ ഓരോ വിദ്യാർത്ഥിക്കും കുറഞ്ഞത് മൂന്ന് കായിക ഇനങ്ങളിലെങ്കിലും തികഞ്ഞ അവബോധം ലഭിക്കുന്നതരത്തിലാണ് ആരോഗ്യ കായികവിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് സിലബസ് തയ്യാറാക്കിയിട്ടുള്ളത്. ഒന്ന് മുതൽ നാലു വരെയുള്ള പ്രൈമറി അദ്ധ്യാപകർക്കുവേണ്ടി അദ്ധ്യാപകസഹായി ദൃശ്യവത്ക്കരിച്ച് പത്ത് വീഡിയോ സിഡികൾ അടങ്ങുന്ന സെറ്റ്, 23 ലക്ഷം രൂപ ചെലവിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ സഹായത്തോടെ നിർമ്മിച്ച് കേരളത്തിലെ എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും വിതരണം ചെയ്തിട്ടുണ്ട്. കായിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകി സ്പോർട്സ്, വിദ്യാഭ്യാസ ആരോഗ്യ തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടുകൂടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി. 2008-ൽ ആരംഭിച്ച പദ്ധതി ഈ വർഷവും തുടർന്നു വരുന്നു.<br><br>കായിക വിദ്യാഭ്യാസം കോളേജ് തലത്തിൽ പ്രോത്സാഹിപ്പിക്കുന്നതിന് ഈ വകുപ്പിന് പ്രത്യേക പദ്ധതികൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ